

# മഴവില്ല്

ജി.ജി.എച്ച്.എസ്.എസ്.മാടായി

പ്രിയ കുട്ടികളുടെ സർഗ്ഗഭാവനകൾക്ക്

കരുത്ത് പകർന്ന് കൊണ്ട്,എല്ലാ

ആശംസകളും നേർന്നുകൊണ്ട്

സ്നേഹത്തോടെ

ഹെഡ് മാസ്റ്റർ

ചിന്തകളുടെ തേരിലേറി സഞ്ചരിക്കുവാനും നിഷ്കളങ്കമായി പ്രതികരിക്കാനും ഞങ്ങൾ നടത്തിയ ശ്രമങ്ങളാണ് ഈ മാഗസിനിലൂടെ വരച്ചുകാട്ടുന്നത്. ഞങ്ങളുടെ മനസ്സിൽ ഉദിച്ചുവന്ന ആശയങ്ങൾ കഥയും കവിതയും ലേഖനങ്ങളുമായും ഈ മാഗസിനിൽ പ്രകാശിപ്പിക്കുന്നു. വായനയുടെ ലോകത്തേക്ക് പറന്നുയരുന്ന ഞങ്ങളുടെ കൂട്ടുകാർക്ക് സമർപ്പിക്കുന്നു.

എഡിറ്റർ

# മാടായിപ്പാറ



കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുന്നിൻപ്രദേശമാണ് മാടായിപ്പാറ. ഏകദേശം അറന്നൂറേക്കറിൽ പരന്നു കിടക്കുന്ന ഈസ്ഥലം പ്രകൃതി ഭംഗിയാലും ജൈവ വൈവിധ്യങ്ങളാലും സമ്പന്നമാണ്.

പുരാതനകാലം തൊട്ട് നാവികർക്ക് വഴികാട്ടിയായ ഏഴുമലയ്ക്ക് തൊട്ട് കിഴക്കാണ് മാടായിപ്പാറ സ്ഥിതിചെയ്യുന്നത്.

ഒരുകാലത്ത് ഈ പ്രദേശം മുഴുവൻ വെള്ളത്തിനടിയിലായിരുന്നു. വെള്ളം നീങ്ങി ഉയർന്ന് വന്ന കരഭാഗത്തിന് മാട് എന്ന് പേരുണ്ട്. അങ്ങനെ മാട് ആയ സ്ഥലമാണ് മാടായി എന്ന് പിന്നീട് അറിയപ്പെട്ടത്. മാടായിപ്പാറയുടെ വടക്ക് കിഴക്ക് ഭാഗത്ത് നമ്മുടെ വിദ്യാലയമായ ജി ജി എച്ച് എസ് എസ് മാടായിയും പടിഞ്ഞാറ് ഭാഗത്ത് എഴുമലയുമാണ്.

കിഴക്ക് ഭാഗത്തുള്ള പഴയങ്ങാടി പുഴയ്ക്ക് മുകളിലൂടെയുള്ള സൂര്യോദയവും ഏഴുമലയ്ക്ക് മുകളിലൂടെ ഉള്ള സൂര്യാസ്തമയവും മാടായിപ്പാറയിലെ ഏറെ ആകർഷകമായ കാഴ്ചകളാണ്

തീവ്രമായ മഴക്കാലവും നന്നേ വരണ്ട വേനൽക്കാലവും ഇവിടത്തെ കാലാവസ്ഥയുടെ പ്രതേകതയാണ്. വേനൽക്കാലത്ത്

പാറയിലെ പുല്ലുകൾ കരിഞ്ഞ് പലപ്പോഴും തീപിടിത്തമുണ്ടാവാറുണ്ട്. പോർച്ച്ഗീസ്കാർ ഇതിനെ ലാൻഡോഫ് ബേർണിംഗ് ഫയർ എന്ന് വിശേഷിപ്പിച്ചു. ഓണക്കാലത്ത് കാക്കപ്പൂവും കൃഷ്ണപ്പൂവും  കണ്ണാന്തളിയും നിറഞ്ഞ് നീലപ്പരവതാനി വിരിച്ചത് പോലെയാവും മാടായിപ്പാറ.

അപൂർവം സസ്യജന്തുജാലങ്ങളുള്ള ഒരു കലവറയായ മാടായിപ്പാറയിൽ 38 ഇനം പുൽച്ചെടികളും 500 ൽ പരം മറ്റ് ചെടികളും വളരുന്നു. അപൂർവ്വമായ 92 ഇനം ചിത്രശലഭങ്ങളും 175 ഇനം പക്ഷികളും ഈ പ്രദേശത്ത് കാണപ്പെടുന്നു.

ചരിത്ര പ്രസിദ്ധമായ മാടായിപ്പാറയെ കുറിച്ച് കൂടുതലറിയാൻ പല ശാസ്ത്രജ്ഞൻമാരും ഇപ്പോഴും ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നു.



റിഷിക ടി.പി.

# കാറ്റ്



**ആരോരും കാണാതെ വന്ന കാറ്റേ ...**

**പാത്തും പതുങ്ങിയും വന്ന കാറ്റേ .....**

**പൂക്കളെ ചുംബിച്ച് പാരിലെങ്ങും**

**പൂമണം വീശുന്ന മലർക്കാറ്റേ ......**

**എന്നെയും തൊട്ടു തലോടി മെല്ലെ**

**ചിത്തത്തെ കുളിർപ്പിക്കും തണുത്ത കാറ്റേ ....**

**ദേവനന്ദ.ടി.വി**

നാടോടികഥ

# അത്യാഗ്രഹം ആപത്ത്

പണ്ട് പണ്ട് ഒരു രാജ്യത്ത് ഒരു രാജാവ് ഉണ്ടായിരുന്നു. വളരെ അത്യാഗ്രഹിയായിരുന്നു രാജാവ് . ഒരു ദിവസം രാജാവ് മുകളിൽ പോയി നോക്കിയപ്പോൾ ഒരു പക്ഷി കരയുന്നത് കേട്ടു. രാജാവ് എന്തിനാണ് കരയുന്നത് എന്ന് ചോദിച്ചു. പക്ഷി പറഞ്ഞു എനിക്ക് ഭക്ഷണം തന്നാൽ താങ്കളുടെ ആഗ്രഹങ്ങൾ ഞാൻ നിറവേറ്റി തരും. രാജാവ് പക്ഷി സംസാരിക്കുന്നത് കേട്ട് അത്ഭുതപ്പെട്ടു. രാജാവ് പറഞ്ഞു. ഞാൻ തൊടുന്നതൊക്കെ സ്വർണ്ണമായി മാറണം. പക്ഷി രാജാവിന്റെ ആഗ്രഹം നിറവേറ്റിക്കൊടുത്തു.

പിറ്റേന്ന് രാജാവ് തന്റെ മകളുമൊത്ത് പൂന്തോട്ടത്തിൽ ഇരിക്കുകയായിരുന്നു. രാജാവ് തന്റെ മകളെ വാൽസല്യത്തോടെ തലോടി.ഉടൻ തന്നെ രാജകുമാരി സ്വർണ്ണ പ്രതിമ യായി മാറി. പക്ഷിയെ രാജാവ് കാത്തിരുന്നു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞാണ് പക്ഷി വന്നത്. രാജാവ് പക്ഷിയോട് പറഞ്ഞു. എനിക്ക് ഭക്ഷണം ഒന്നും കഴിക്കാൻ കഴിയുന്നില്ല. എന്റെ മകൾ സ്വർണ്ണമായി മാറി. എനിക്ക് ഈ ആഗ്രഹം വേണ്ട. നീ ഈ വരം തിരിച്ചെടുക്കു. പക്ഷി ആ വരം തിരിച്ചെടുത്തു. എന്നിട്ട് പറഞ്ഞു. ആർത്തി കൊണ്ടാണ് താങ്കളുടെ സ്വന്തം മകൾ പോലും നഷ്ടമായത്.

അത്യാഗ്രഹം ആപത്ത്



നേഹ ഷെറിൻ.

# തെയ്യം



കോലത്തുനാട്ടിലെ അനുഷ്ഠാന കലാരൂപമാണ് തെയ്യം. കാവുകളിലും തറവാട്ടുകളിലുമാണ് തെയ്യം കെട്ടിയാടാറുള്ളത്. തുലാമാസം പത്ത് മുതൽ ഇടവമാസം വരെയാണ് തെയ്യക്കാലം. മനുഷ്യർ ദേവതാരൂപം ധരിച്ച് ഉറഞ്ഞു തുള്ളുകയും അതിലൂടെ ദേവതയെ പ്രീതിപ്പെടുത്തുകയും തിരിച്ച് ദേവത സമൂഹത്തിന് ഐശ്വര്യവും സമാധാനവും നൽകുന്ന എന്ന വിശ്വാസ പ്രക്രിയയാണ് തെയ്യം. ഒരു പാട് തരം തെയ്യങ്ങൾ ഓരോ കാവുകളിലുമായി അരങ്ങേറുന്നു. ചെണ്ട, ഇലത്താളം, വീക്കു ചെണ്ട, കുഴൽ എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ.

അനഘ എസ്

കവിത

# പൂന്തോട്ടം

പൂന്തോട്ടത്തിലെ പൂക്കളാകെ
പൂന്തേൻ നിറച്ചു രസിച്ചു നിന്നു.
പാറി പറന്നു വരുന്ന വണ്ടേ....
പൂക്കൾ തൻ പൂന്തേൻ നീ
ശേഖരിച്ചോ?
എത്ര മനോഹരമീ പൂന്തോട്ടം
എന്തൊരു ഭംഗിയാ
പൂക്കൾക്കൊക്കെ
എന്തിലും മീതെയാ പുഞ്ചിരികൾ
എത്ര കണ്ടാലും മതിവരില്ല.



തീർത്ഥ.സി

# അറിയാം അക്ഷരം



ചില വാക്കുകളുടെ അവസാനം 'ത്വം' ആണോ 'ത്തം' ആണോ എന്ന് സംശയം തോന്നാം. അടിമത്തം ആണ് ശരി. അതുപോലെ മനുഷ്യത്ത്വവും.

അതിന് ഒരു നിയമം ഉണ്ട്. സംസ്കൃത വാക്കുകളോട് മാത്രമേ'ത്വം' ചേർക്കാവൂ. മലയാള ശബ്ദമാണെങ്കിൽ 'ത്തം' ചേർക്കണം.

സംസ്കൃത ഭാഷയിൽ എ, ഒ എന്നീ ഹ്രസ്വ സ്വരങ്ങൾ ഇല്ല. ഏ , ഓ എന്നീ ദീർഘസ്വരങ്ങളേയുള്ളൂ. സംസ്കൃത പദങ്ങൾ മലയാളത്തിൽ എഴുതുമ്പോൾ ഇക്കാര്യം ഓർക്കണം. 'പക്ഷെ', 'നമസ്തെ' എന്നീ പ്രയോഗങ്ങൾ തെറ്റാണ്. 'പക്ഷേ'',' നമസ്തേ' എന്നിവയാണ് ശരിയായത്.

അനാമിക

## കവിത

# സൂര്യൻ



അങ്ങകലെ മാമല മുകളിൽ

കിഴക്കായ് ഉദിച്ചുയരുന്നുണ്ടേ...

പൊൻപ്രഭയിൽ പൊന്നൊളി ചിതറി

ഉദിച്ചുയർന്നു വരുന്നുണ്ടേ...

ഇരുട്ട് പരന്ന പാരിലെങ്ങും

വെളിച്ചമേകാനായ് ഉദിച്ചുയരുന്നു

പൊന്നിൻ വെളിച്ചം പാരിലെങ്ങും

വിതച്ചിടുന്നൊരു പൊൻ സൂര്യൻ.

ശ്രേയ.കെ

യാത്രാനുഭവം

# യാത്ര

സ്കൂൾ പൂട്ടിയ ആദ്യത്തെ ഞായർ ആയിരുന്നു ഞങ്ങൾ വിനോദയാത്ര പോയത്. ഞാനും എന്റെ കുടുംബവുമാണ് യാത്രയ്ക്ക് പോയത്. വയനാട് ജില്ലയിലെ പല പല സ്ഥലങ്ങൾ കാണാനാണ് ഞങ്ങളുടെ യാത്ര. ഞങ്ങൾ കാറിലായിരുന്നു യാത്ര പുറപ്പെട്ടത്. വേറെ സ്ഥലങ്ങളിൽ അവിടെ നിറയെ പല വർണ്ണത്തിലും രൂപത്തിലുമുള്ള പൂക്കളായിരുന്നു. പൂക്കൾ എനിക്ക് ഒരു പാട് ഇഷ്ടമാണ്. വീട്ടിൽ എത്തിയപ്പോൾ 12 മണി കഴിഞ്ഞിരുന്നു. വളരെ മനോഹരമായ മറക്കാൻ പറ്റാത്ത ഒരു യാത്ര ആയിരുന്നു അത്.



സമിയ എ.കെ.പി

# മാമരം

മാമരങ്ങൾ പെയ്യട്ടെ

മണ്ണിൻ മിഴിയിൽ മന്ദം മന്ദം

മാമ്പൂ മൊട്ടുകൾ വിടരട്ടെ

മകരനിലാവിൽ മഞ്ഞും മഴയും

മതിയാവോളം നുകരട്ടെ.

മാമരങ്ങൾ ചിലയ്ക്കട്ടെ

മാമ്പൂ ചില്ലകൾ തളിർക്കട്ടെ

മാനം മുട്ടെ വളരട്ടെ

ശിവനന്ദ.വി. വി.


thank you